**ഇഹ്സാൻ**

# ആശങ്കയും ആവേശവും ഉണർത്താതിരുന്ന ഫലം

**കേന്ദ്ര** ബജറ്റിനു തൊട്ടു മുമ്പേ പുറത്തുവന്ന പഞ്ചാബ്, ഉത്തർഖണ്ഡ്, മണിപ്പൂർ സംസ്ഥാനങ്ങളിലെ അസംബ്ലി തെരഞ്ഞെടുപ്പുകളുടെ ഫലം മിക്ക 'പ്രീപോൾ' പ്രവചനക്കാരെയും സത്യപ്പെടുത്തുകയാണ് ചെയ്തത്. നിലവിലുള്ള കോൺഗ്രസ് സർക്കാറുകളെ മറിച്ചിട്ട് പഞ്ചാബിലും ഉത്തർഖണ്ഡിലും ബി.ജെ.പിയും സഖ്യകക്ഷികളും ജയിച്ചുകയറിയപ്പോൾ മണിപ്പൂരിൽ പ്രതീക്ഷിച്ചതുപോലെ കോൺഗ്രസ് ഭരണം നിലനിർത്തി. സൂക്ഷ്മമായി നോക്കുമ്പോൾ ഈ തെരഞ്ഞെടുപ്പുകൾ രാഷ്ട്രീയ കേന്ദ്രങ്ങളിൽ വലിയ ചലനങ്ങളൊന്നും സൃഷ്ടിച്ചിട്ടില്ല. ജയിച്ചുവെന്ന് അവകാശപ്പെടുന്ന ബി.ജെ.പിയുടെ ക്യാമ്പുകളിൽ അമിതാവേശമോ തോറ്റവരെന്ന് മുദ്രയടിക്കപ്പെട്ട യു.പി.എ ക്യാമ്പുകളിൽ നിരാശയോ കാണാനില്ല. ജയിച്ചുവെന്ന് തീർത്തു പറയാനാവുന്ന അവസ്ഥയിലല്ല ഉത്തർഖണ്ഡിൽ ബി.ജെ.പിയും കൂട്ടാളികളും. കോടികളും മന്ത്രിപദവിയും വലിച്ചെറിഞ്ഞു കൊടുത്ത് ഒരു പ്രാദേശിക പാർട്ടിയെ വിലയ്ക്കു വാങ്ങിയാണ് അവർക്ക് മന്ത്രിസഭയുണ്ടാക്കാനായത്. പഞ്ചാബിൽ ബി.ജെ.പി ആയിരുന്നില്ല ചിത്രത്തിൽ നിറഞ്ഞുനിന്നത്; പ്രകാശ് സിംഗ് ബാദലിന്റെ ശിരോമണി അകാലിദൾ ആയിരുന്നു. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരിക്കൽ മാത്രമാണ് ഭരിച്ച സർക്കാറിനെ ജനങ്ങൾ വീണ്ടും തെരഞ്ഞെടുത്തത്. എങ്കിലും തോറ്റ സർക്കാറുകളിൽ പഞ്ചാബിന്റെ ചരിത്രത്തിൽ ഏറ്റവുമധികം എം.എൽ.എമാരെ നിലനിർത്താനായത് അമരീന്ദർ സിംഗിനാണ്. അദ്ദേഹത്തിന്റെ ഒപ്പമുണ്ടായിരുന്നവരിൽ 44 പേർ വീണ്ടും ജയിച്ചുകയറി. 1997-ൽ ബാദലിന്റെ നേതൃത്വത്തിൽ എൻ.ഡി.എ സർക്കാർ ജയിച്ചപ്പോൾ വെറും 17 പേരായിരുന്നു കോൺഗ്രസ് ടിക്കറ്റിൽ സഭയിലെത്തിയത്.

കോൺഗ്രസ്സിന് ചില താക്കീതുകൾ ലഭിച്ചിട്ടുണ്ട് എന്ന വസ്തുതയെ കണക്കുകളുടെ ഈ ആശ്വാസം മറച്ചുപിടിക്കുന്നില്ല. പഞ്ചാബിലാകട്ടെ, ഉത്തർഖണ്ഡിലാകട്ടെ ന്യൂനപക്ഷങ്ങൾക്ക് പറയത്തക്ക സ്വാധീനമൊന്നും അവിടത്തെ വോട്ടിംഗ് ഘടനയിലില്ല. ഉത്തർഖണ്ഡിൽ പേരിന് ഏതാനും മണ്ഡലങ്ങളിലാണ് ന്യൂനപക്ഷങ്ങളുള്ളത്. പഞ്ചാബിൽ ഇല്ലെന്നു തന്നെ പറയാം. ദലിതർ, ആദിവാസികൾ, കർഷകർ എന്നിവരാണ് ഇരു സംസ്ഥാനങ്ങളിലെയും പ്രധാന വിധികർത്താക്കൾ. രാജ്യത്ത് അനുദിനം പെരുകുന്ന വിലനിലവാരവും പണപ്പെരുപ്പവുമാണ് പഞ്ചാബിലും ഉത്തർഖണ്ഡിലും ജനങ്ങളെ കോൺഗ്രസ്സിനെതിരെ തിരിച്ചുവിട്ടത്. അപ്പോൾ പോലും പകരം വെക്കാവുന്ന മുന്തിയ ബദൽ ബി.ജെ.പിയല്ലെന്ന് നല്ലതുപോലെ ജനങ്ങൾ തിരിച്ചറിഞ്ഞു എന്നതാണ് എൻ.ഡി.എ നേരിയ വ്യത്യാസത്തിന് തട്ടിയും മുട്ടിയും ജയിച്ചുകയറിയതിന്റെ അർഥം.

കോൺഗ്രസ് എപ്പോഴുമെന്ന പോലെ പലതും വായ കൊണ്ടു മാത്രം പറയുകയും പദ്ധതികളെ ശബ്ദഘോഷത്തിലൊതുക്കുകയുമാണ് ചെയ്യുന്നത്. 2004-ൽ 'ജനകീയ മുഖമുള്ള വികസനം' എന്ന മുദ്രാവാക്യം മുന്നിൽ വെച്ചാണ് പാർട്ടി പൊതുതെരഞ്ഞെടുപ്പിനെ നേരിട്ടതെങ്കിലും ആ വഴിക്ക് കാര്യമായ ഒരു നീക്കവും ഇതുവരെ ഉണ്ടായിട്ടില്ല. ഉദാഹരണത്തിന് കർഷകന്റേതെന്ന് പലരും കൊട്ടിഘോഷിച്ച യൂനിയൻ ബജറ്റ്. കർഷകർക്ക് കൂടുതൽ വായ്പ ലഭ്യമാക്കുക, സബ്സിഡി നൽകുക തുടങ്ങിയ ചൊട്ടുവിദ്യകൾക്കപ്പുറം കർഷകന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്ന ഒരു നിർദേശവും ബജറ്റിലില്ല എന്നതാണ് സത്യം. ഉൽപന്നങ്ങളുടെ വില കുറയാതിരിക്കാനും അവക്ക് വിപണി കണ്ടെത്താനും പുതിയ തന്ത്രങ്ങളൊന്നും ചിദംബരം മുന്നോട്ടു വെച്ചിട്ടില്ല. അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് ഒരു തുകയും വകയിരുത്താതെ ആഗ്രഹങ്ങളെ കർഷകന്റെ ചെലവിൽ എഴുതിത്തള്ളുകയായിരുന്നു ധനമന്ത്രി ചെയ്തത്. മൊത്തം ബജറ്റിലും ഇത് കാണാനുണ്ടായിരുന്നു.

രണ്ട് സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിന് എന്ത് സംഭവിച്ചു എന്ന ചർച്ചയേക്കാളേറെ ഇപ്പോഴത്തെ പോക്കു പോയാൽ ബി.ജെ.പിയുടെ ചത്തകുതിര അടുത്ത തെരഞ്ഞെടുപ്പിൽ ഉയിരെടുത്ത് പട ജയിക്കുമോ എന്ന സംശയമാണ് ബാക്കിയാവുന്നത്. കാർഷിക പ്രശ്നങ്ങൾ കോൺഗ്രസ് പരിഹരിച്ചാലും ഇല്ലെങ്കിലും സാമൂഹിക അസമത്വവുമായി ബന്ധപ്പെട്ട് പാർട്ടി മുന്നോട്ടു വെച്ച പലതരം വാഗ്ദാനങ്ങൾ യു.പി തെരഞ്ഞെടുപ്പ് മുതൽ ചോദ്യം ചെയ്യപ്പെടാൻ ആരംഭിക്കുകയായി. സച്ചാർ കമ്മിറ്റി റിപ്പോർട്ട് ഉദാഹരണമായി എടുക്കുക. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ പഠിക്കാൻ കോൺഗ്രസ് സർക്കാർ മുൻകൈയെടുത്ത് രൂപീകരിച്ചതാണ് ഈ ഉന്നതാധികാര കമ്മിറ്റി. പക്ഷേ അത്ഭുതകരമെന്നു പറയട്ടെ, സച്ചാർ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ കൈക്കൊള്ളേണ്ട നടപടിക്രമങ്ങളെ കുറിച്ച് കോൺഗ്രസ് ഇന്നേവരെ ഒരക്ഷരവും പറഞ്ഞിട്ടില്ല. വിഷയത്തിന്റെ മർമത്തെ വളച്ചൊടിച്ചുവെങ്കിൽ പോലും സി.പി.എം ആണ് സച്ചാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലുമൊരു കർമപദ്ധതിയുമായി ആദ്യം രംഗത്തിറങ്ങിയതെന്നോർക്കുക. മുസ്‌ലിം ലീഗ് പോലും ഇപ്പോഴും ഈ വിഷയത്തിൽ ഒരു നയം രൂപീകരിക്കാത്തപ്പോഴാണ് സി.പി.എം രംഗത്തിറങ്ങുന്നത്.

സി.പി.എമ്മിന്റെ ഈ നീക്കത്തിൽ അവരുടെ വിശാലമായ രാഷ്ട്രീയ അജണ്ടയാണ് അടങ്ങിയിട്ടുള്ളത്. മുസ്‌ലിംകളെ അടുപ്പിക്കുക എന്നതിനേക്കാളുപരി കോൺഗ്രസ്സിനു പുറത്തുള്ള ഒരു വിശാല മതേതര മുന്നണിയിൽ നിലനിർത്താനാണ് ഒരുപക്ഷേ സി.പി.എം ശ്രമിക്കുന്നത്. മുലായം സിംഗിനെ താഴത്തിറക്കാൻ കോൺഗ്രസ് പഠിച്ച പണി പതിനെട്ടും നോക്കിയപ്പോഴും അൽപം പോലും വഴങ്ങാതെ സി.പി.എം അതിനെ എതിർക്കുകയാണ് ചെയ്തത്. അടുത്ത തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സും ബി.ജെ.പിയുമില്ലാത്ത ഒരു മുന്നണി അധികാരത്തിൽ വരുമെന്നാണ് പാർട്ടിയുടെ വിലയിരുത്തൽ. ഈ മതേതര മുന്നണി നിലനിൽക്കണമെങ്കിൽ മുലായം ദുർബലനാവരുതെന്നും സി.പി.എം വിലയിരുത്തുന്നു. മറുഭാഗത്ത് ഇത്തരമൊരു മുന്നണിയുടെ കേളികൊട്ട് യു.പിയിലെ തെരഞ്ഞെടുപ്പ്ഫലങ്ങളിൽനിന്നാണ് ആരംഭിക്കുകയെന്ന് കോൺഗ്രസ്സും നല്ലതുപോലെ തിരിച്ചറിഞ്ഞിട്ടുണ്ട്. കിട്ടാവുന്ന എല്ലാ വടിയും ഉപയോഗിച്ച് മുലായത്തെ അടിക്കുക എന്നത് പാർട്ടി ഒരു നയമാക്കി സ്വീകരിക്കുന്നതും ഈ സാഹചര്യത്തിലാണ്. മുലായത്തിന്റെ സ്വത്തുവകകൾ സി.ബി.ഐയെ കൊണ്ട് അന്വേഷിപ്പിക്കുന്നതിൽ വിജയിച്ചത് കോൺഗ്രസ് നടത്തിവന്ന കരുനീക്കങ്ങളുടെ ഫലപ്രദമായ പരിസമാപ്തിയാണ്. യു.പിയിൽ മുലായത്തെ എന്തുവില കൊടുത്തും തകർക്കുക, മുസ്‌ലിംകളെ കോൺഗ്രസ്സിലേക്ക് അടുപ്പിക്കാനായില്ലെങ്കിലും മുലായത്തിൽനിന്നും അകറ്റുക, മൃദു ഹിന്ദുത്വ വോട്ടുകൾ പരമാവധി ആകർഷിക്കുക, ബി.എസ്.പി ഒരിക്കലും നിർണായക ശക്തി ആവാതിരിക്കുക - ഈ നാല് നേട്ടങ്ങളാണ് യു.പി തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ലക്ഷ്യമിടുന്നത്. അവർ തെരഞ്ഞെടുപ്പ് ജയിക്കാൻ പോകുന്നില്ലെന്നും നാലാം സ്ഥാനത്തുനിന്ന് മൂന്നിലേക്കു പോലും എത്തില്ലെന്നും പാർട്ടിക്ക് തീർച്ചയുണ്ട്. പക്ഷേ അടുത്ത തെരഞ്ഞെടുപ്പ് ഒരിക്കൽ കൂടി തങ്ങൾക്കും ബി.ജെ.പിക്കുമിടയിലാക്കി ഒതുക്കുക എന്നതാണ് കോൺഗ്രസ്സിന്റെ ലക്ഷ്യം. ആ ലക്ഷ്യം മനസ്സിലുള്ളിടത്തോളം കാലം നാലഞ്ച് അസംബ്ലി തെരഞ്ഞെടുപ്പുകളിൽ കൂടി ബി.ജെ.പി ജയിച്ചുകയറിയാലും കോൺഗ്രസ് ഇപ്പോഴത്തേതുപോലെ 'കൂളായി' ഇരിക്കും. ■